# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. **368**

26 .06.2013 - ൽ മറുപടിയ്ക്ക്

## ആയുർവേദ ഗവേഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>" എം. പി. അബ്ദുസ്സമദ് സമദാനി<br>" പി.കെ. ബഷീർ<br>" സി. മോയിൻകുട്ടി | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വിഭാഗം നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ; | (എ) | ആയുർവേദ പി.ജി. കോഴ്സിന്റെ ഭാഗമായി നടത്തുന്ന ഗവേഷണമാണ് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നടത്തിവരുന്നത്. എന്നാൽ തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ നിയന്ത്രണത്തിലുള്ള ഡ്രഗ്സ് സ്റ്റാന്റൈഡൈസേഷൻ യൂണിറ്റിൽ വച്ച് ഔഷധ സസ്യങ്ങളുടെയും ആയുർവേദ മരുന്നുകളുടെയും സ്റ്റാൻഡൈഡൈസേഷനിൽ ഗവേഷണം നടത്തിവരുന്നു. |
| (ബി) ഈ വിഭാഗം നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ മറ്റേതെങ്കിലും വിഭാഗങ്ങളുമായി പ്രത്യേകിച്ച് വനം, ബൊട്ടാണിക് റിസർച്ച് എന്നിവയുമായി സഹകരിച്ചുള്ള പ്രവർത്തനം നടത്താറുണ്ടോ ; എങ്കിൽ, ആയത് സംബന്ധിച്ച വിശദാംശം നൽകാമോ ; | (ബി) | പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടില്ല |

| | | | |
|---|---|---|---|
| (സി) | അശോകത്തിന്റെ ആന്റി ഓക്സിഡന്റ് പ്രവർത്തനശേഷി സംബന്ധിച്ച് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനിലെ ഗവേഷകർ നടത്തിയ ഗവേഷണം സംബന്ധിച്ച് എന്തെങ്കിലും ആശയവിനിമയം നടത്തിയിട്ടുണ്ടോ ; | (സി) | ഇല്ല |
| (ഡി) | സംസ്ഥാനത്തെ വിവിധ ഗവേഷണ വിഭാഗങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ ഏകോപനമുണ്ടാക്കി ചികിത്സാ രംഗത്ത് കൂടുതൽ ഫലപ്രദമായ കണ്ടെത്തലുകൾക്ക് വഴിയൊരുക്കുമോ ? | (ഡി) | ആരോഗ്യ സർവ്വകലാശാലയുടെ ഗവേഷണ വിഭാഗത്തിന് ഇത്തരം ഏകോപനത്തിന് ശ്രമിക്കാൻ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ